# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

നമ്പർ. 1541/ആർ 1/2021/കെ.ഡി.ആർ.ബി

തിരുവനന്തപുരം
16.11.2021

## അറിയിപ്പ്

2021 നവംബർ 21 ന് തൃശ്ശൂർ ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ വച്ച് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നടത്തുന്ന **ഗുരുവായൂർ ദേവസ്വത്തിലെ ഡ്രൈവർ ഗ്രേഡ് II (കാറ്റഗറി നമ്പർ - 21/2020), മലബാർ ദേവസ്വം ബോർഡിലെ ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (കാറ്റഗറി നമ്പർ - 44/2020)** എന്നീ തസ്തികകളുടെ പരീക്ഷയിൽ പങ്കെടുക്കുന്ന കോവിഡ് ബാധിതരായ ഉദ്യോഗാർത്ഥികളും, ക്വാറന്റീനിൽ കഴിയുന്ന ഉദ്യോഗാർത്ഥികളും, കണ്ടെയ്ൻമെന്റ് സോണിൽ നിന്നോ അന്യസംസ്ഥാനത്ത് നിന്നോ വിദേശത്ത് നിന്നോ വരുന്ന ഉദ്യോഗാർത്ഥികളും പ്രസ്തുത വിവരം പരീക്ഷയ്ക്ക് രണ്ട് ദിവസം മുൻപ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസിൽ ഇ-മെയിൽ **(kdrbtvm@gmail.com)** മുഖാന്തിരമോ ഫോൺ മുഖാന്തിരമോ **(സെക്രട്ടറി - 8921480998, പരീക്ഷാ കൺട്രോളർ - 8547700068)** അറിയിക്കേണ്ടതാണ്. ഉദ്യോഗാർത്ഥിയുടെ പേര്, രജിസ്റ്റർ നമ്പർ, പരീക്ഷാകേന്ദ്രത്തിന്റെ പേര് എന്നിവ ഇ-മെയിലിൽ സൂചിപ്പിക്കേണ്ടതാണ്. ക്വാറന്റീനിൽ കഴിയുന്നവർ ഇതു സംബന്ധിച്ച് ഒരു സത്യവാങ്മൂലം വെള്ള പേപ്പറിൽ എഴുതി പരീക്ഷാ കേന്ദ്രത്തിലെ ചീഫ് സൂപ്രണ്ട് മുൻപാകെ സമർപ്പിക്കേണ്ടതാണ്.

കോവിഡ് പോസിറ്റീവായ ഉദ്യോഗാർത്ഥികൾ അവരവർ ഏർപ്പാടാക്കുന്ന വാഹനത്തിൽ എത്തേണ്ടതും പരീക്ഷാ കേന്ദ്രത്തിനുള്ളിൽ ചീഫ് സൂപ്രണ്ട് നിർദ്ദേശിക്കുന്ന പ്രകാരം ആ വാഹനത്തിനുള്ളിലിരുന്ന് പരീക്ഷ എഴുതേണ്ടതുമാണ്. കോവിഡ് പോസിറ്റീവായ ഉദ്യോഗാർത്ഥികൾ പ്രത്യേക വാഹനത്തിൽ എത്തിയാൽ മാത്രമേ പരീക്ഷയെഴുതുവാൻ അനുവദിക്കുകയുള്ളൂ. ഇവരെ പരീക്ഷ എഴുതുവാൻ അനുവദിച്ചുകൊണ്ടുള്ള ആരോഗ്യവകുപ്പിന്റെ അനുമതിപത്രം, കോവിഡ് 19 പോസിറ്റീവ് സർട്ടിഫിക്കറ്റ്, ഉദ്യോഗാർത്ഥികളുടെ ഐഡന്റിറ്റി തെളിയിക്കുന്നതിന് അഡ്മിഷൻ ടിക്കറ്റിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റ് ഇവ പരീക്ഷാ കേന്ദ്രത്തിൽ എത്തുമ്പോൾ നിർബന്ധമായും ഹാജരാക്കേണ്ടതാണ്. ഇ-മെയിലിൽ ഉൾപ്പെടുത്തേണ്ട മറ്റ് രേഖകൾ സംബന്ധിച്ച വിവരങ്ങൾ, കോവിഡ് പോസിറ്റീവായവർക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ എന്നിവ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ **(www.kdrb.kerala.gov.in)** ലഭ്യമാണ്.

ഒപ്പ്/-
സെക്രട്ടറി
കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്